നഗരക്കാഴ്ച

എം. എസ്. ശശി

കൃഷിചെയ്യാൻ സ്ഥലവും സമയവുമില്ലെന്ന് പറഞ്ഞ് പിൻമാറുന്നവർ കോഴിക്കോട് വേങ്ങേരി 'നിറവ്' റസിഡൻസ് അസോസിയേഷനെ കണ്ടു പഠിക്കുക.

# നിറവ്
## പേരിലും വിളവിലും

കോഴിക്കോട് നഗരപരിധിയിൽ വേങ്ങേരി 'നിറവ്' റസിഡൻസ് അസോസിയേഷൻ വേറിട്ട പ്രവർത്തനം കൊണ്ട് മാതൃകയാകുന്നു. നൂറ്റിയൊന്നു കുടുംബങ്ങളാണ് ഈ അസോസിയേഷൻ പരിധിയിലുള്ളത്. ഒന്നേ മുക്കാൽ സെന്റ് മുതൽ വിസ്തൃതമായ വളപ്പുകൾ ഉള്ള വീടുകൾ വരെ ഇവിടെയുണ്ട്. ക്യാൻസർ പോലുള്ള രോഗങ്ങൾ തടയാനാണ് കീടനാശിനികളും മറ്റും ഒഴിവാക്കിയുള്ള പച്ചക്കറികൾ എല്ലാ വീടുകളിലും ഉത്പാദിപ്പിക്കാനുള്ള പരിപാടിക്ക് തുടക്കം കുറിച്ചത്. നിറവ് പ്രോജക്ട് കോർഡിനേറ്റർ ബാബു പറമ്പത്തിന്റെ നേതൃത്വത്തിലാരംഭിച്ച പ്രവർത്തനങ്ങൾ ഓരോ വർഷം പിന്നിടുമ്പോഴും കൂടുതൽ കരുത്താർജിക്കുന്നു.

ഇതിൽ പുതുതലമുറയെയും പങ്കാളികളാക്കി. വീടുകളിലെ ഭക്ഷ്യാവശിഷ്ടങ്ങൾ കമ്പോസ്റ്റാക്കി മാറ്റാനുള്ള സംവിധാനം ഭൂരിഭാഗം വീടുകളിലും ഒരുക്കിയിട്ടുണ്ട്. ഇങ്ങനെ കിട്ടുന്ന കമ്പോസ്റ്റും കാലിവളവും കടലപ്പിണ്ണാക്കും മാത്രമാണ് പച്ചക്കറികൾക്ക് വളം. സ്ഥലപരിമിതി തടസമല്ലെന്ന് ഒന്നേമുക്കാൽ സെന്റിൽ വീട് വച്ച് താമസിക്കുന്ന പറാംവീട്ടിൽ സുഭാഷിണിയും കുടുംബവും തെളിയിച്ചു.

കൃഷി ചെയ്യാൻ ഭൂമിയില്ലാത്ത 27 കുടുംബങ്ങൾ റസിഡൻസ് അസോസിയേഷൻ സംഘടിപ്പിച്ചു നൽകിയ സ്ഥലത്ത് കൃഷിയിറക്കിയാണ് നിറവിൽ പങ്കാളികളായത്.

മാലിന്യ സംസ്കരണത്തോടൊപ്പം ജൈവകൃഷിയ്ക്കും ഊന്നൽ നൽകികൊണ്ടുള്ള 'ജൈവശ്രീ' എന്ന പ്രോജക്ട് പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച 50,000 രൂപയുടെ ഫണ്ട് ഉപയോഗിച്ച് 70 വീടുകളിൽ 10 ചെടിച്ചട്ടി വീതം നൽകി. ഇതിൽ തക്കാളി, പയർ, വെണ്ട, കുറ്റിക്കുരുമുളക്, എന്നിവ വളർത്തുന്നു. നിറവിലെ യുവാക്കളെയും മുതിർന്നവരെയും സംഘടിപ്പിച്ച് വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണിയ്ക്കു സമീപമുള്ള സ്ഥലത്ത് പാട്ടത്തിനെടുത്ത് വാഴ, പച്ചക്കറികൾ എന്നിവയും കൃഷി ചെയ്യുന്നു.

'നിറവി'ൽ കൃഷിമന്ത്രി ശ്രീ. കെ.പി. മോഹനൻ കുറ്റിക്കുരുമുളക് തൈ നടുന്നു.



വീട്ടുവളപ്പിൽ രണ്ടു സെന്റ് സ്ഥലത്ത് പച്ചക്കറികൃഷി ചെയ്യാനുള്ള സഹായമായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ പദ്ധതി പ്രകാരം 30 കുടുംബങ്ങൾക്ക് കോഴിക്കോട് കൃഷിഭവനിലൂടെ പണിയായുധങ്ങൾ ലഭ്യമാക്കിയിരുന്നു. കഴിഞ്ഞ വർഷം കോഴിക്കോട് നടന്ന ദേശീയ ചക്ക മഹോൽസവത്തിൽ 101 വിഭവങ്ങളുമായാണ് നിറവിലെ വീട്ടമ്മമാർ പങ്കെടുത്തത്. കാർഷിക മേഖലയിലെ ഇത്തരം പ്രവർത്തനങ്ങൾക്കു പുറമെ ഊർജ്ജ സംരക്ഷണത്തിന് 'ഊർജ്ജശ്രീ' ആരോഗ്യ സംരക്ഷണത്തിന് 'ആരോഗ്യമിത്രം' കലാ-കായിക പ്രവർത്തനങ്ങൾ തുടങ്ങി നിറവാർന്ന പ്രവർത്തനങ്ങളിലൂടെ റസിഡൻസ് അസോസിയേഷൻ പുതിയ പ്രവർത്തന മേഖലകൾ കണ്ടെത്തുകയാണ്. നിറവിന്റെ പ്രസിഡന്റ് പി.പി. മോഹനനും സെക്രട്ടറി എം. സുബീഷുമാണ്.

കൂടുതൽ വിവരങ്ങൾക്ക് 9846570071, 8089284990, 9447276177.

മട്ടുപ്പാവിലെ പച്ചക്കറിത്തോട്ടത്തിൽ 6-ാം ക്ലാസുകാരി നമിത



ഇവിടെ പയറാണു താരം. 7-ാം ക്ലാസിലെ ദീക്ഷിക പയർതോട്ടത്തിൽ



തക്കാളിയുടെ വിളസമൃദ്ധിയുമായി ഷിംന



വളക്കുഴികളിൽ നട്ട മരച്ചീനിയിൽ നിന്ന് 42 കിലോ വിളവ്. ശ്രീവിഹാറിൽ ഗീതാദേവദാസും മകൻ ഹരികൃഷ്ണനും



എഫ്.ഐ.ബി. കോഴിക്കോട് പ്രാദേശിക കേന്ദ്രം കൃഷി അസി. ഡയറക്ടറാണ് ലേഖകൻ.

ഫോൺ: 9447065579